**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **27-02-2023 - ൽ മറുപടിയ്ക്ക്**

**മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) | 31/10/2016-ലെ GO (Rt) No.1496/2016/PWD നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ മൂലക്കീൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസി (SPV) ആയ KRFB 02/07/2020-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിച്ച് 19/10/2020-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതും, ആയതിന് SPV 19/01/2021-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 11/02/2021-ന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചു കൊണ്ട് SPV-ക്ക് തിരിച്ച് നൽകിയിരുന്നതും, ആയതിന് 16/02/2021-ന് സമർപ്പിച്ച മറുപടിയും തൃപ്തികരമല്ലാത്തതിനാൽ 15/03/2021-ന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചു കൊണ്ട് വീണ്ടും SPV-ക്ക് തിരിച്ച് നൽകയിരുന്നു.<br><br>പിന്നീട് 03/11/2021-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥലം സന്ദർശിച്ച് ഡിസൈനിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ SPV അധികപരിശോധനകൾ നടത്തിയതായും, ആയതിന്റെ വിവരങ്ങൾ 24/11/2022-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ടെന്നും, ഡിസൈൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണെന്നും, പുതുക്കിയ ഡി.പി.ആർ ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആയത് കിഫ്ബിയിൽ സമർപ്പിച്ച് ധനാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ